## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

03.10.2016 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1534

## ചാലക്കുടിയിൽ ഹൈപ്പർ മാർക്കറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) ചാലക്കുടിയിൽ സിവിൽസപ്ലൈസ് കോർപ്പറേഷനു കീഴിൽ ഹൈപ്പർ മാർക്കറ്റും, ഗ്യാസ് ഔട്ട് ലെറ്റും, പെട്രോൾ ബങ്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) പെട്രോൾ/ ഡീസൽ ബങ്കും ഗ്യാസ് ഔട്ട് ലെറ്റും അനുവദിക്കുന്നത് പൊതുമേഖലാ ഓയിൽ കമ്പനികളാണ്. ഓയിൽ കമ്പനികൾ അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് സൗകര്യപ്രദമായ സ്ഥലം ദീർഘകാല ലീസിന്/ സൗജന്യമായി ലഭിക്കുമെങ്കിൽ സപ്ലൈകോ പെട്രോൾ ബങ്ക്/ ഗ്യാസ് ഔട്ട് ലെറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കിഴക്കേ ചാലക്കുടി വില്ലേജ് സർവ്വേ നമ്പർ 439/1 ൽ ചാലക്കുടി ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിനോടനുബന്ധിച്ച് 0.1568 ഹെക്ടർ ഭൂമി (38.74 സെൻറ്) സപ്ലൈകോക്ക് അനുവദിക്കുന്നതിനായി റെവന്യൂ വകുപ്പ് അധികാരികൾക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഈ ഭൂമി കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഒരു ഹൈപ്പർമാർക്കറ്റും പെട്രോൾ ബങ്കും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ